(ബി) 2014 വർഷത്തിലെ സംസ്ഥാന കേരളോത്സവം നടന്നിട്ടില്ലാത്തതിനാൽ ആയത് ഒഴിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാനതല കേരളോത്സവങ്ങളിൽ പങ്കെടുത്തവർക്ക് പി.എസ്.സി. നിയമനത്തിന് വെയിറ്റേജ് മാർക്ക് കൊടുക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു.

(ഡി) നിലവിൽ യൂണിവേഴ്സിറ്റികൾ ഒന്നും തന്നെ കേരളോത്സവ വിജയികൾക്ക് വെയിറ്റേജ് മാർക്ക് നൽകുന്നില്ല.

വ്യവസായ സംരംഭകത്വ വികസനപദ്ധതി

285 (4276) ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വ്യവസായ സംരംഭകത്വ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) യുവജനങ്ങളിൽ സംരംഭകത്വ കഴിവ് വളർത്താൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) യുവജനങ്ങളുടെ സംരഭംകത്വ കഴിവ് വളർത്തി അവരെ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംരംഭകത്വ പരിശീലന പരിപാടിയിൽ സംരംഭകാവസരം കണ്ടെത്തുന്നതുമുതൽ അവരെ വിജയകരമായി മുന്നോട്ടു കൊണ്ടുപോയി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതുവരെ പരിശീലനാർത്ഥികൾക്ക് സഹായം നൽകുന്നതിലേക്ക് മോട്ടിവേഷൻ, മാർക്കറ്റ് അനാലിസിസ് മെന്ററിംഗ്, പ്രോജക്ട് റിപ്പോർട്ട് പ്രിപ്പറേഷൻ എന്നിവ പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രീ-ടെയിനിംഗ് ഘട്ടം, ടെയിനിംഗ് ഘട്ടം, മെന്ററിംഗ് ഘട്ടം എന്നീ വിധത്തിൽ മൂന്ന് ഘട്ടങ്ങളിലായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്.

(ഡി) Entrepreneurship Development Institute of India-യുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(ഇ) ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, വയനാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നും സംരംഭക മേഖലയിൽ ആഭിമുഖ്യമുള്ള 12-നും 40-നും മദ്ധ്യേ പ്രായമുള്ള യുവതീയുവാക്കളിൽ നിന്നും പത്രപരസ്യം മുഖേന അപേക്ഷകൾ ക്ഷണിക്കുകയും ഇതുപ്രകാരം അപേക്ഷ സമർപ്പിച്ച 498 പേർക്ക് പരിശീലനം നൽകുകയും, ഇവയിൽ 225 പേർ സ്വയം സംരംഭകരാകുകയും ചെയ്തു. സംരംഭകരായ യുവതീയുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് 2014 നവംബർ 17,18 തീയതികളിൽ തിരുവനന്തപുരത്തുവച്ച് യുവസംരംഭകസംഗമം സംഘടിപ്പിച്ചു. പരിശീലനാന്തരം സംരംഭകങ്ങൾ ആരംഭിക്കുന്നതിന് എല്ലാ തരത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങളും Entrepreneurship Development Institute of India നൽകുന്നതാണ്.

യുവജന കമ്മീഷനിലെ അംഗങ്ങൾ

286 (T*4277) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന യുവജന കമ്മീഷനിൽ അംഗങ്ങൾ ഉൾപ്പെടെ എത്ര പേർ ഉണ്ടെന്നും ഇവരുടെയൊക്കെ നിയമനം എപ്രകാരമാണ് നടത്തിയിട്ടുള്ളതെന്നും യുവജന കമ്മീഷനിൽ അംഗങ്ങൾക്ക് നാളിതുവരെ നൽകിയിട്ടുള്ള ശമ്പളത്തിന്റേയും മറ്റ് ആനുകൂല്യങ്ങളുടേയും ഇനം തിരിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

കേരള സംസ്ഥാന യുവജന കമ്മീഷനിൽ ചെയർ പേഴ്സണും 12 അംഗങ്ങളും ഉൾപ്പെടെ ആകെ 13 പേരാണ് ഉള്ളത്. 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ടിൽ യുവജന കമ്മീഷനിൽ ഒരു ചെയർപേഴ്സണും 13-ൽ കവിയാത്ത അത്രയും അംഗങ്ങളും ഉണ്ടായിരിക്കേണ്ടതും അതിലൊരാൾ യോഗ്യതയുള്ള

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly